"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ, ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന വെങ്കിട്ടക്കുഴി എൽ.എം.എൽ.പി.എസ് ലെ അദ്ധ്യാപകനായ ശ്രീ. നിഷാജ്.ബി സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1018/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2047/2024/GEDN തീയതി 13-03-2024.
2. ശ്രീ. നിഷാജ്.ബി സമർപ്പിച്ച 29/08/2025 തീയതിയി ലെ അപേക്ഷ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/09/2025, 24/10/2025, 08/11/2025, 30/12/2025 തീയതികളിലെ എഫ്1/21898/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് ലൂഥറൻ സ്കൂളിന്റെ കീഴിൽ 2011 ജൂൺ 1 മുതൽ 14 വർഷമായി നിയമനാംഗീകാരമോ ശമ്പളമോ ലഭിക്കാതെ ജോലിയിൽ തുടർന്നുവരുന്ന അപേക്ഷകനെ നിലവിൽ ബഹു. ഹൈക്കോടതിയുടെയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിൽ നിന്നും നിയമനാംഗീകാരം നൽകാൻ ഉത്തരവ് ഉണ്ടായിട്ടും ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകാൻ അകാരണമായി കാലതാമസം വരുത്തികൊണ്ടിരിക്കുകയാണെന്നും, ആയതിനാൽ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ എത്രയും വേഗം നിയമനാംഗീകാരവും, ശമ്പളവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർഥിച്ച് കൊല്ലം ജില്ലയിലെ, ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന വെങ്കിട്ടക്കുഴി എൽ.എം.എൽ.പി.എസ് ലെ അദ്ധ്യാപകനായ ശ്രീ. നിഷാജ്.ബി പരാമർശം (2) പ്രകാരമുള്ള അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടുകൾ, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ലൂഥറൻ സ്കൂൾസ് മാനേജ്മെന്റുമായി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുവാനും, അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അംഗീകാരം ലഭിച്ച ചട്ടം 43 അവകാശികളുടെ സ്ഥാനക്കയറ്റ ലാവണവും, ശ്രീ. നിഷാജിനേക്കാൾ സീനിയർ ആയി നിയമനാംഗീകാരം ലഭിക്കാനുള്ളവരെയും ഉൾപ്പെടുത്തി വ്യക്തമായ ലാവണ ക്രമീകരണം നടത്തുവാനും, സീനിയർ അധ്യാപകരുടെ നിയമനം

അംഗീകരിച്ച നൽകിയശേഷം ലഭ്യമായ ഒഴിവിൽ ശ്രീ. നിഷാജിനെ നിയമിച്ച് പ്രൊപ്പോസൽ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിക്കുവാനും മാനേജർക്ക് നിർദ്ദേശം നൽകുകയും, പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തസ്തികയും ഒഴിവും നിലവിലുണ്ടെന്ന് ഉറപ്പുവരുത്തി ഹർജിക്കാരന്റെ നിയമനം ചട്ടപ്രകാരം പരിശോധിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തി പുനഃപരിശോധന നടത്തുന്നതിനായി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) ആയതിന്റെ അടിസ്ഥാനത്തിൽ, നിഷാജ് ബി. യുടെ 04.01.2011 മുതൽ 31.03.2011 വരെ ദിവസവേതനത്തിൽ എൽ.എം.എൽ.പി.എസ്., അരിവാരിക്കുഴിയിൽ എൽ.ജി. അറബിക് അധ്യാപകനായി നടത്തിയ നിയമനം റദ്ദ് ചെയ്യുകയും, 01.06.2011 മുതൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കി പാർട്ട്ടൈം എൽ.ജി. അറബിക് അധ്യാപികയായ ശ്രീമതി സലീനയുടെ ലാവണം ക്രമീകരിച്ച് വെങ്കിട്ടക്കുഴി എൽ.എം.എൽ.പി.എസിൽ നിയമനം നടത്തുകയും ചെയ്തു. തുടർന്ന്, ശ്രീ. നിഷാജിന്റെ വെങ്കിട്ടക്കുഴി എൽ.എം.എൽ.പി.എസിൽ 01.06.2011 മുതൽ പാർട്ട്ടൈം എൽ.ജി. അറബിക് അധ്യാപകനായി നടത്തിയ നിയമനം അംഗീകരിച്ച നൽകുന്നതിനായി ലൂഥറൻ സ്കൂൾസ് മാനേജർ അപേക്ഷ സമർപ്പിക്കുകയും, തന്റെ നിയമനം അംഗീകരിക്കുന്നതിനു മുൻപ് വ്യക്തിപരമായി കേൾക്കണമെന്ന് ശ്രീ. നിഷാജ് ആവശ്യപ്പെടുകയും ചെയ്തു.

4) മേൽ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) നടത്തിയ കൂടിക്കാഴ്ചയിൽ ചടയമംഗലം, കിളിമാനൂർ, നെടുമങ്ങാട് എന്നീ ഉപജില്ലകളിലെ വിദ്യാഭ്യാസ ഓഫീസർമാർ, മാനേജർ, ശ്രീ. നിഷാജ് എന്നിവർ പങ്കെടുക്കുകയും. വിഷയത്തെ നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും. മാനേജർ തയ്യാറാക്കിയ ലാവണ ക്രമീകരണവും 13.03.2024-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 2047/2024/GEDN എന്നിവയുടെ അടിസ്ഥാനത്തിലും, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, വെങ്കിട്ടക്കുഴി എൽ.എം.എൽ.പി.എസിലെ തസ്തികയുടെ ലഭ്യത ഉറപ്പാക്കി ശ്രീ. നിഷാജിന്റെ 01.06.2011 മുതലുള്ള നിയമനം പരിഗണിക്കുന്നതിനായി ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, 24.06.2025 തീയതിയിലെ F1/21898/2024/DGE നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

5) ആയതിന്റെ അടിസ്ഥാനത്തിൽ, എൽ.എം.എൽ.പി.എസ്. വെങ്കിട്ടക്കുഴി സ്കൂളിൽ 01-06-2011 മുതൽ ശ്രീ. നിഷാജ് ബി.യെ പാർട്ട് ടൈം അറബിക് അധ്യാപകനായി നിയമിച്ചു. നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിനായി മാനേജർ പ്രൊപ്പോസൽ എ.ഇ.ഒ.-ക്ക് സമർപ്പിച്ചു എന്നാൽ "സീനിയർ നിയമനാർത്ഥികളുടെ ലാവണം ക്രമീകരിക്കുന്ന മുറയ്ക്ക് ലഭ്യമാകുന്ന തസ്തികയിൽ ശ്രീ. നിഷാജ് ബി.യെ നിയമിക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ നാളിതുവരെ നിയമനാംഗീകാരം ലഭിക്കാത്ത ശ്രീ. നിഷാജ് ബി.യെ ലഭ്യമായ തസ്തികയിൽ നിയമിക്കുന്നതിന് പകരം, ടി യാളുടെ ലാവണം ക്രമീകരിക്കുന്നതിനായി, 01-06-2011 മുതൽ 31-05-2015 വരെ സേവനമനുഷ്ഠിക്കുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ള ശ്രീമതി സലീന പി.ടി.യുടെ എൽ.എം.എൽ.പി.എസ്. വെങ്കിട്ടക്കുഴി സ്കൂളിലെ പാർട്ട് ടൈം അറബിക്

തസ്തികയിൽ ശ്രീ. നിഷാജ് ബി.യെ നിയമിക്കുകയാണുണ്ടായത്. ഒരു അംഗീകൃത തസ്തികയിൽ നിയമനാംഗീകാരം നൽകി ശമ്പളവിതരണം നടത്തിയ ശേഷം, അതേ കാലയളവിൽ വീണ്ടും നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥയില്ല. 2014-15 വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ, ടി കാലയളവിലെ മാനേജർ റവ. എം. മോഹനൻ, ശ്രീ. നിഷാജ് ബി.യെ 13-08-2014 മുതൽ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പിരിച്ചുവിട്ടിരുന്നു. തുടർന്ന് 2014-15 വർഷത്തെ തസ്തിക നിർണ്ണയം റദ്ദാക്കിയതിനെ തുടർന്ന്, ഈ കാലയളവുകൂടി സേവനകാലമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ടി യാൾ സമർപ്പിച്ച പരാതിയിൽ, ആയത് പരിഗണിക്കുന്നതിന് സംബന്ധിച്ച് സർക്കാർ ഉത്തരവിലോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിലോ പ്രത്യേകമായ പരാമർശം ലഭ്യമല്ല. ഭാഷാധ്യാപക നിയമനത്തിനായി KER അദ്ധ്യായം 31, ചട്ടം 3 പ്രകാരം ആവശ്യമായ അറബിക് ഡിഗ്രി യോഗ്യത ശ്രീ. നിഷാജ് നേടിയിട്ടുണ്ടെങ്കിലും, നാളിതുവരെ K-TET യോഗ്യത നേടിയിട്ടില്ല. നിയമനരേഖകളോടൊപ്പം സമർപ്പിച്ചിട്ടുള്ള ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും, ടി മാനേജ്മെന്റ് നടത്തിയ ലാവണക്രമീകരണങ്ങൾക്ക് വകുപ്പുതല അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. വകുപ്പുതല അംഗീകാരം ലഭിച്ച സീനിയോറിറ്റി ലിസ്റ്റും ക്ലെയിമന്റ്സ് ലിസ്റ്റും ഹാജരാക്കിയിട്ടില്ല. 2011-12 മുതലുള്ള സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകളും സമർപ്പിച്ചിട്ടില്ല. 01-06-2011 മുതൽ ശ്രീ. നിഷാജ് ബി. ജോലിയിൽ തുടർന്നതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള രേഖകളും മാനേജർ ഹാജരാക്കിയിട്ടില്ല" എന്നീ പ്രധാന കാരണങ്ങൾ ഉന്നയിച്ച് ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, 10-09-2025-ലെ ബി/877241/2025 നമ്പർ ഉത്തരവ് പ്രകാരം ടി നിയമനം നിരസിച്ചു.

6) നിയമനാംഗീകാരം ലഭിച്ചവർക്ക് മാത്രമേ ലാവണം ഉള്ളൂ എന്നത് ശരിയാണെങ്കിലും നിയമനാംഗീകാരം കൂടാതെ നിലനിൽക്കുന്നവരെ ശരിയായ രീതിയിൽ ക്രമീകരിച്ച് അംഗീകാരം നൽകുന്നതിനു തടസ്സമില്ല. സർക്കാർ തന്നെ ഇത്തരത്തിൽ വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ നിഷാജിനു 1/6/2011 മുതൽ പാർട്ട് ടൈം എൽ.ജി അറബിക് അധ്യാപക നിയമനം ലഭിക്കുവാൻ അർഹത ഉണ്ട്. 1/6/2011 നു ഏറ്റവും സീനിയർ ആയ പാർട്ട് ടൈം അധ്യാപകനെ ഫുൾ ടൈം തസ്തികയിൽ മാറ്റി ഉൾകൊള്ളിച്ച് ശേഷം ഉണ്ടാകുന്ന പാർട്ട് ടൈം ഒഴിവിൽ നിഷാജിനെ ഉൾക്കൊള്ളിച്ച് അംഗീകാരം നൽകാം. അതായത് 1/6/2011 മുതൽ പാർട്ട് ടൈം അധ്യാപകനായി ജോലി ചെയ്തിട്ടുള്ളതിനാൽ മറ്റൊരു സ്കൂളിലെ പാർട്ട് ടൈം തസ്തികയിലേക്ക് മാറ്റി ഉൾക്കൊള്ളിച്ചു നിയമനാംഗീകാരം നൽകാം എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) ലെ 30/12/2025 പ്രകാരമുള്ള കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.

7) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചതിൻ പ്രകാരം , 1/6/2011 നു ഏറ്റവും സീനിയർ ആയ പാർട്ട് ടൈം അധ്യാപകനെ ഫുൾ ടൈം തസ്തികയിൽ മാറ്റി ഉൾകൊള്ളിച്ച് ശേഷം ഉണ്ടാകുന്ന പാർട്ട് ടൈം ഒഴിവിൽ, ശ്രീ. നിഷാജിനെ ഉൾക്കൊള്ളിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുവാനും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്മേൽ ചട്ടപ്രകാരം അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുവാനും ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചടയമംഗലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് ലൂഥറൻ സ്കൂൾസ്, ഇന്ത്യൻ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച്, തിരുവനന്തപുരം സിനഡ്, ക്ലാസ് കോമ്പൗണ്ട്, പേരൂർക്കട, തിരുവനന്തപുരം - 695005
ശ്രീ. നിഷാജ്. ബി, എൽ.എം.എൽ.പി.എസ് വെങ്കിട്ടക്കുഴി, കൊല്ലം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 04-02-2026 13:14:38
സെക്ഷൻ ഓഫീസർ